പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3465 29.01.2014 - ൽ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

ചോദ്യം

ശ്രീ. പി.റ്റി.എ. റഹീം

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തുന്നതിന് ധനസഹായം ലഭിക്കാൻ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | വിശദമാക്കാം. കുടുംബവാർഷിക വരുമാനം 2 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് പദ്ധതി ആനുകൂല്യം ലഭ്യമാക്കുന്നത്. |
| (ബി) | ഈ പദ്ധതി പ്രകാരം ശസ്ത്രക്രിയ നടത്തിയ കുട്ടികൾക്ക് തുടർ ചികിൽസയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി പൂർത്തിയാക്കിയ കുട്ടികളുടെ തുടർ ചികിത്സയുടെ ഭാഗമായി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യവും വിവിധ എംപാനൽഡ് ആശുപത്രികൾ മുഖേന നൽകി വരുന്നുണ്ട്. സർജറി കഴിഞ്ഞ് മാപ്പിംഗിന് ശേഷം കുട്ടികൾക്ക് ആഡിയോ വെർബൽ ഹബിലിറ്റേഷനായി ഘട്ടം ഘട്ടമായി **50,000/-** രൂപ ആശുപത്രികൾക്ക് നൽകുകയാണ് ചെയ്യുന്നത്.<br><br>കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് ആഡിയോ വെർബൽ ഹബിലിറ്റേഷനു വേണ്ടി സ്പീച്ച് തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ